# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2112 08.12.2014-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്ത് കൊലപാതകക്കേസുകൾ സംബന്ധിച്ച വിവരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് നടന്നിട്ടുള്ള കൊലപാതകങ്ങളിൽ, ഗുണ്ടാ ആക്രമണം, മാഫിയാ ആക്രമണം, മതസ്പർദ്ധ, ധനാപഹരണം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് എത്ര പേർ ഇരയാക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിൻശേഷം സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവരുടെ എണ്ണം -12; മാഫിയാ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവരില്ല; മതസ്പർദ്ധയാൽ കൊല്ലപ്പെട്ടവരുടെ എണ്ണം -2; ധനാപഹരണത്തിനിടെ കൊല്ലപ്പെട്ടവരുടെ എണ്ണം -66. |
| (ബി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് ഇനിയും പിടികൂടാനുള്ള പ്രതികളെത്ര; അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ച കേസ്സുകളെത്ര; വ്യക്തമാക്കാമോ; | (ബി) മേൽപ്പറഞ്ഞ സംഭവങ്ങളിൽ ഗുണ്ടാ ആക്രമണങ്ങളിലെ പ്രതികളെ ആരെയും പിടികൂടുവാനില്ല. 9 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചു.<br>മതസ്പർദ്ധയാലുള്ള ആക്രമണങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ 3 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്. ഒരു കേസിൽ അന്വേഷണം പൂർത്തിയാക്കി.<br>ധനാപഹരണ ആക്രമണങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ 4 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്. 45 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചു. |
| (സി) വിചാരണ പൂർത്തിയായ കേസ്സുകളെത്ര; ശിക്ഷിക്കപ്പെട്ട പ്രതികളെത്ര; വിട്ടയയ്ക്കപ്പെട്ടവരെത്ര; വ്യക്തമാക്കാമോ; | (സി) ടി സംഭവങ്ങളിൽ ഗുണ്ടാ ആക്രമണങ്ങളിൽ വിചാരണ പൂർത്തിയായ കേസുകൾ -2; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം -7; വിട്ടയക്കപ്പെട്ട പ്രതികളുടെ എണ്ണം-7.<br>മതസ്പർദ്ധ കേസുകളിൽ അന്വേഷണം പൂർത്തിയായ കേസുകളൊന്നുമില്ല.<br>ധനാപഹരണത്തിനിടെ നടന്ന ആക്രമണങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ വിചാരണ പൂർത്തിയായവ-5; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം -17; വിട്ടയക്കപ്പെട്ട പ്രതികളുടെ എണ്ണം -4. |
| (ഡി) അന്വേഷണം സി.ബി.ഐ.യ്ക്ക് കൈമാറിയ കേസ്സുകളെത്രയെന്ന് വ്യക്തമാക്കുമോ? | (ഡി) മേൽപ്പറഞ്ഞ കേസുകളൊന്നും തന്നെ സി.ബി.ഐ.യ്ക്ക് കൈമാറിയിട്ടില്ല. |

സെക്ഷൻ ഓഫീസർ